# Desabhimani

## 31 August 2018

## Kolancherry, After Flood, Flood Victims, Lifelong Shelter, Malekurish Dayar

# പ്രളയബാധിതരായ 22 പേർക്ക് മലേക്കുരിശ് ദയറയിൽ ആജീവനാന്ത അഭയം

**കോലഞ്ചേരി**

പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് പാത്രിയർക്കീസ് ബാവായുടെ അഭയം. യാക്കോബായ സഭയുടെ മലേക്കുരിശ് ദയറയിൽ തന്റെ അമ്മയുടെ സ്മരണയ്ക്കായി നിർമിച്ച റിട്രീറ്റ് സെന്ററിലാണ് മഹാപ്രളയത്തിൽ സർവതും നഷ്ടപ്പെട്ട 22 പേർക്ക് ആജീവനാന്തം താമസമൊരുക്കാൻ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവ സന്നദ്ധത അറിയിച്ചത്. ഇക്കാര്യം അദ്ദേഹം ദൂതർ വഴി സർക്കാരിനെ അറിയിച്ചു.

ആജീവനാന്തം ഇവരുടെ ഭക്ഷണം, താമസം, ചികിത്സ അടക്കമുള്ള മുഴുവൻ കാര്യങ്ങളും നടത്താനാണ് പാത്രിയർക്കീസ് ബാവായുടെ ആഗ്രഹമെന്ന് റിട്രീറ്റ്സെന്ററിന്റെ ചുമതലയുള്ള മലേക്കുരിശ് ദയറാധിപൻ ഡോ. കുര്യാക്കോസ് മാർ ദിയസ്കോറസ് മെത്രാപ്പോലീത്ത പറഞ്ഞു. തന്റെ അമ്മയുടെ ഹന്നഖന്നീമയുടെ പേരിൽ നാല് വർഷം മുമ്പാണ് പാത്രിയർക്കീസ് ബാവ മലേക്കുരിശ് ദയറയിൽ റിട്രീറ്റ് സെന്റർ നിർമാണം ആരംഭിച്ചത്. അമേരിക്കയിൽ മെത്രാപ്പോലീത്തയായിരിക്കെ മലേക്കുരിശിലെത്തിയ അദ്ദേഹത്തിന് അവിടുത്തെ പ്രകൃതി രമണീയതയാണ് ഇത്തരമൊരു സ്മാരക നിർമാണത്തിന് പ്രേരിപ്പിച്ചത്. അത്യാധുനിക സൗകര്യമുള്ള അടുക്കളയടക്കം 24 മുറികളാണ് സെന്ററിലുള്ളത്. നിർമാണത്തിനായി ഒരു കോടിയോളം രൂപ ചെലവിട്ടു.

പാത്രീയർക്കീസ് ബാവയായി ചുമതലയേറ്റ ശേഷം സെന്ററിന്റെ നിർമാണ പുരോഗതി വിലയിരുത്താൻ രണ്ടുവട്ടം അദ്ദേഹം മലേക്കുരിശിലെത്തിയിരുന്നു. ആലംബഹീനർക്ക് അഭയകേന്ദ്രമൊരുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച റിട്രീറ്റ് സെന്ററിന്റെ നിർമാണം പൂർത്തിയാക്കിയതിന് പിന്നാലെയാണ് പ്രളയമെത്തിയത്. പ്രളയത്തിലെ ദുരിതം മനസ്സിലാക്കിയാണ് ബാവായുടെ തീരുമാനം.